**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2154** **12-02-2024 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾക്കുള്ള സാന്ത്വന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നാട്ടിൽ തിരികെയെത്തിയ പ്രവാസികൾക്കുള്ള സാന്ത്വന പദ്ധതിയിൽ അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ; | (എ) | **സാന്ത്വന ധനസഹായ പദ്ധതിയിൽ അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.**<br>**● അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം ഒന്നര ലക്ഷം രൂപയിൽ അധികമാകുവാൻ പാടില്ല.**<br>**● കുറഞ്ഞത് രണ്ടു വർഷം പ്രവാസി ആയിരിക്കണം.**<br>**● തിരികെയെത്തിയിട്ട് വിദേശത്ത് ജോലി ചെയ്ത കാലയളവ് അല്ലെങ്കിൽ പത്തു വർഷം (ഇതിൽ ഏതാണോ കുറവ്) ആ സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ മാനദണ്ഡപ്രകാരം പത്ത് വർഷം നാട്ടിൽ പൂർത്തിയാക്കിയവർ പ്രവാസി ആനുകൂല്യത്തിനർഹരല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത നിബന്ധന ഒഴിവാക്കി മുഴുവൻ പ്രവാസികൾക്കും ഇത്തരത്തിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | പ്രവാസി വിദേശത്തു നിന്നും തിരികെയെത്തി 10 വർഷത്തിനുള്ളിൽ ധനസഹായത്തിനായി അപേക്ഷിക്കണമെന്ന വ്യവസ്ഥ പാലിക്കുന്ന അപേക്ഷകൾ തന്നെ ധാരാളം ലഭ്യമാകുന്നുണ്ട്. പ്രസ്തുത നിബന്ധനയിൽ ഇളവു നൽകുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ